# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3704 17.10.2011-ലെ മറുപടിക്ക്

## ജലനിധിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ജലനിധിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സ്വതന്ത്ര ഏജൻസികൾ മുഖാന്തിരം അഞ്ച് പ്രാവശ്യം ജലനിധിയുടെ ഒന്ന്, രണ്ട്, മൂന്ന് ബാച്ചുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. അവസാന ഘട്ട വിലയിരുത്തൽ നടത്തിയത് 2005-07 കാലഘട്ടത്തിലാണ്. 90 ശതമാനം പദ്ധതികളും സുഗമമായി പ്രവർത്തിക്കുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) 'ജലനിധി' ഒന്നാം ഘട്ട പ്രവർത്തനങ്ങളിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(സി) ജലനിധിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന ഇംപ്ലിമെന്റേഷൻ സ്ട്രാറ്റജി എന്തെന്ന് വിശദമാക്കുമോ ? | (ബി) & (സി) പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകിയിട്ടുള്ള ഒരു ക്രമീകരണമാണ് രണ്ടാം ഘട്ട പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. കുടിവെള്ള സ്രോതസ്സുകൾ പൂർണ്ണമായും ഭാഗികമായുമുള്ള വറ്റി പോകൽ ഒഴിവാക്കുന്നതിനായി രണ്ടാം ഘട്ടത്തിൽ ഓരോ പഞ്ചായത്തിലും ജലനിധി നടപ്പാക്കുന്നതിനുമുമ്പ് തന്നെ വിശദമായ ജലസുരക്ഷാ മാപ്പുകൾ തയ്യാറാക്കാനും ജലലഭ്യത വേർതിരിച്ച് കാണിക്കുന്നതിനും, ഏറ്റെടുക്കേണ്ട ഭൂഗർഭ പരിപോഷണ മാർഗ്ഗങ്ങളെപ്പറ്റിയും ഒരു സമഗ്ര പഠനം നടത്തുന്നതാണ്.<br><br>മാലിന്യം കലരാതെയുള്ള ശുദ്ധജലം ജനങ്ങൾക്ക് കൊടുക്കുന്നതിന് വേണ്ടി വിശദമായ ഘട്ടം ഘട്ടം തിരിച്ചുള്ള ജലപരിശോധനകളും |

ശുദ്ധമായ വെള്ളം എത്തിക്കുന്നതിനുവേണ്ടി യുള്ള വിശദമായ കർമ്മപരിപാടികളും രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു ണ്ട്.

ഒന്നാം ഘട്ടത്തിൽനിന്നും ഭിന്നമായി ഗുണ ഭോക്തൃസമിതികളും സന്നദ്ധസംഘടനകളു മായി കരാർ ഒപ്പിടുന്നതും ആസൂത്രണനിർവ്വ ഹണ ഘട്ടങ്ങളും നിർവ്വഹണാന്തരഘട്ടത്തിലു മുള്ള നിയന്ത്രണങ്ങളും മേൽനോട്ടവും രണ്ടാം ഘട്ടത്തിൽ പഞ്ചായത്തിനായിരിക്കും.

രണ്ടാം ഘട്ട പദ്ധതിയിൽ നിർമ്മിക്കുന്ന എല്ലാ സ്ഥാവര ജംഗമ വസ്തുക്കളും പഞ്ചാ യത്തിന്റേയും ഗുണഭോക്തൃസമിതിയുടേയും സംയുക്തമായുള്ള ആസ്തികളായിരിക്കും.

ഒന്നാം ഘട്ടത്തിൽ പഞ്ചായത്ത് 10% ഗുണ ഭോക്തൃവിഹിതവും ഗുണഭോക്തൃ സമിതി കൾ 15% വിഹിതവുമാണ് എടുത്തത്. എന്നാൽ രണ്ടാം ഘട്ട പദ്ധതിയിൽ പഞ്ചാ യത്ത് 15% വും ഗുണഭോക്തൃസമിതി 10% വിഹിതവുമാണ് എടുക്കുന്നത്.

രണ്ടാം ഘട്ട പദ്ധതിയിൽ ജല അതോറിറ്റി യുമായി സഹകരിച്ച് പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും സാങ്കേതികമായ സഹായ ങ്ങൾ പങ്ക് വെയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഒരു പദ്ധതിക്ക് 27 മാസമായിരിക്കും പൂർത്തീകരണ സമയം. അതിൽ ആദ്യത്തെ 3 മാസം ആസൂത്രണത്തിന് മുൻമ്പുള്ള ഘട്ടവും 9 മാസം ആസൂത്രണ ഘട്ടവും 12 മാസം നിർവ്വഹണഘട്ടവും അവസാനത്തെ 3 മാസം നിർവ്വഹണാന്തര ഘട്ടവും ആയിരി ക്കും.

ദുർബല വിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതി പട്ടിക വർഗ്ഗ, മത്സ്യതൊഴിലാളികൾ എന്നിവർ ഭൂരിപക്ഷമുള്ള ഗുണഭോക്തൃ സമിതികൾക്ക് ഒന്നാം ഘട്ടത്തിൽ 10% ആണ് ഗുണഭോക്തൃ വിഹിതമായിരുന്നത്. അത് 5% ആയി രണ്ടാം ഘട്ടത്തിൽ കുറച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ പട്ടിക വർഗ്ഗ മേഖലയിൽ

10 പഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കിയത് രണ്ടാം ഘട്ടത്തിൽ അത് 22 പഞ്ചായത്തിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്ത് തല വാട്ടർ സപ്ലൈ കമ്മിറ്റി, ഉപഭോക്തൃ ഫെഡറേഷൻ എന്നിവയുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാം ഘട്ടത്തിൽ അത് 200 പഞ്ചായത്തുകളിലേക്കാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

ഒന്നാം ഘട്ടത്തിൽ ജില്ലകളിൽ ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വഴിയാണ് പദ്ധതി ഏകോപിപ്പിച്ചിരുന്നത്. രണ്ടാം ഘട്ടത്തിൽ അത് 3 മേഖലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ ആയിട്ടാണ് (എറണാകുളം, മലപ്പുറം, കണ്ണൂർ) ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനു പുറമെ രണ്ടാം ഘട്ടത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലനിധിയുടെ സപ്പോർട്ട് ടീം പദ്ധതി കാലയളവുമുഴുവൻ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരിക്കും. ഈ രണ്ടംഗ യൂണിറ്റിൽ സാങ്കേതികവും ധനപരവുമായ വിഭാഗങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളതെങ്കിലും ജലനിധിയുട മൊത്തമായ പ്രവർത്തനത്തിന്മേൽ പഞ്ചായത്ത് തലത്തിൽ ഏകോപനത്തിലും ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ